റെയിൽവേ മുഖേനയുള്ള ചരക്കു കടത്തിലൂടെയുള്ള നികുതി വെട്ടിപ്പ്

117 (2595) ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. എം. എം. മോനായി :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റെയിൽവേ മുഖേനയുള്ള ചരക്കു കടത്തിലൂടെ നികുതി വെട്ടിപ്പ് നടത്തുന്നത് തടയുന്നതിന് ധനകാര്യ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഇപ്രകാരം നികുതി വെട്ടിപ്പ് നടത്തുന്നത് ഫലപ്രദമായി തടയാൻ കഴിയുന്നുണ്ടോ ;

(സി) കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ഇപ്രകാരം നികുതി വെട്ടിച്ച എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്ന് വ്യക്തമാക്കുമോ ;

(ഡി) നികുതി പരിശോധന നടത്തുന്നതിൽ റെയിൽവേയുടെ സഹകരണം ലഭിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) റെയിൽവേ മുഖേനയുള്ള ചരക്കു കടത്തിലൂടെ നികുതി വെട്ടിപ്പ് നടത്തുന്നത് തടയുന്നതിന് നികുതി വകുപ്പിന്റെ ഭാഗമായ ഇന്റലിജൻസ് സ്ക്വാഡുകൾ റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് നിരന്തരം പരിശോധനകൾ നടത്തിവരുന്നു. കൂടാതെ ഫോം 8 എഫ് മുതലായ സംവിധാനങ്ങളും പുതുതായി ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) പൂർണ്ണമായും തടയുവാൻ സാധിക്കുന്നില്ല.

(സി) 10922 കേസുകൾ.

(ഡി) ഉണ്ട്. എന്നാൽ ലീസ് വ്യവസ്ഥയിലൂടെ നടത്തുന്ന ചരക്ക് ഗതാഗതത്തിന് വ്യക്തമായ പാർസൽ രജിസ്റ്ററുകൾ ലഭ്യമല്ലാത്തത് വിവരശേഖരണത്തിന് തടസ്സം വരുത്തുന്നുണ്ട്.

കേരള വാണിജ്യ മിഷൻ

118 (2596) ശ്രീ. എൻ. ശക്തൻ :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വാണിജ്യ മേഖലയുടെ ആസൂത്രിത വികസനത്തിനായി രൂപം നൽകിയ കേരള വാണിജ്യ മിഷൻ എന്ന പുതിയ സംരംഭത്തിന്റെ പ്രവർത്തന നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത മിഷനിലൂടെ സംസ്ഥാനത്തെ വാണിജ്യമേഖലയുടെ സമഗ്ര വികസനത്തിന് എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനായി എന്ന് വിശദമാക്കുമോ ;

(സി) സംസ്ഥാനത്തെ വാണിജ്യ സംരംഭകത്വ പരിശീലനത്തിനും മാനേജ്മെന്റ് പഠനത്തിനുമായി നടപ്പിലാക്കിയ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റീട്ടെയിൽ മാനേജ്മെന്റ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടോ ;

(ഡി) സംസ്ഥാന സർക്കാരിനുപുറമേ ഏതൊക്കെ വ്യവസായ വാണിജ്യ സംഘടനകളുടെ പങ്കാളിത്തമാണ് ഈ സംരംഭത്തിന് ലഭ്യമാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വാണിജ്യമിഷൻ എന്ന പേരിൽ ഒരു സംരംഭം സർക്കാർ ആരംഭിച്ചിട്ടില്ല.

(ബി) 'എ' വിഭാഗത്തിനുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ചോദ്യം ഉദിക്കുന്നില്ല.

(സി) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റീട്ടെയിൽ മാനേജ്മെന്റ് എന്ന സ്ഥാപനം ആരംഭിക്കുന്നതിനുള്ള നടപടികൾ സർക്കാർ ആരംഭിച്ചു കഴിഞ്ഞു. ഇതിലേക്കായി 2010-11 ബഡ്ജറ്റിൽ 1 കോടി രൂപ വിലയിരുത്തിയിട്ടുണ്ട്.

(ഡി) സംസ്ഥാന സർക്കാരിനു പുറമേ INKEL,Cochin International Airport Limited (CIAL), Kerala Financial Corporation എന്നീ വ്യവസായ വാണിജ്യ സംഘടനകളോടൊപ്പം ചില പ്രധാന സ്വകാര്യ വാണിജ്യ സ്ഥാപനങ്ങളുടേയും പങ്കാളിത്തം പ്രയോജനപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നു. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് INKEL നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ട് ലഭിച്ചുകഴിഞ്ഞാൽ മാത്രമേ ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുകയുള്ളു.

മുത്തങ്ങ വാണിജ്യ നികുതിവകുപ്പ് ചെക്ക്പോസ്റ്റിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് സ്വീകരിച്ച നടപടികൾ

119 (2597) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ മുത്തങ്ങ വാണിജ്യനികുതി വകുപ്പ് ചെക്ക് പോസ്റ്റിന്റെ അടിസ്ഥാന സൗകര്യവികസനത്തിന് സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദമാക്കുമോ ;

(ബി) ജില്ലയിലെ അതിർത്തി ചെക്ക്പോസ്റ്റുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കെതിരെ നിരവധി ആക്രമണമുണ്ടായിട്ടും പരാതിയിന്മേൽ പോലീസിന്റെ ഭാഗത്തുനിന്നും യാതൊരു നടപടിയുണ്ടാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly